പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ – **427** **29.06.2012-** ൽ മറുപടിക്ക്

## ഗൾഫ് മലയാളികൾക്ക് വേണ്ടിയുള്ള ക്ഷേമ പദ്ധതികൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. കെ.വി. അബ്ദുൾ ഖാദർ<br>ശ്രീ. ജെയിംസ് മാത്യു<br>ഡോ. കെ.ടി. ജലീൽ<br>ശ്രീ. കെ. സുരേഷ് കുറുപ്പ് | ശ്രീ. കെ. സി. ജോസഫ്<br>*(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും പ്രവാസികേരളീയകാര്യവും വകുപ്പ് മന്ത്രി)* |
| (എ)ഗൾഫ് മലയാളികൾക്ക് വേണ്ടിയുള്ള ക്ഷേമ പദ്ധതികളുടെ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; | (എ) വിലയിരുത്തിവരുന്നുണ്ട്. |
| (ബി)ഗൾഫ് മലയാളികളുടെ ക്ഷേമത്തിനായി പ്രഖ്യാപിച്ചിരുന്ന പദ്ധതികളെല്ലാം നടപ്പിലാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ; | (ബി) ഗൾഫ് മലയാളികളുടെ ക്ഷേമത്തിനായി പ്രഖ്യാപിച്ചിരുന്ന പദ്ധതികളിൽ സ്വപ്നസാഫല്യം പദ്ധതി, എൻ. ആർ. കെ. ഇൻഷ്വറൻസ് കാർഡ് പദ്ധതി എന്നിവ ഇതിനകം തന്നെ നടപ്പാക്കിയിട്ടുണ്ട്. വിശദാംശം താഴെ ചേർക്കുന്നു. |

<u>സ്വപ്നസാഫല്യം പദ്ധതി.</u>

സൗദി അറേബ്യയിലെ ജയിലുകളിൽ നിന്നും മോചിതരായവർക്കും പാസ്പോർട്ടും മറ്റ് രേഖകളും നഷ്ടപ്പെട്ട പ്രവാസികൾക്കും സ്വന്തം നാട്ടിലേക്ക് മടങ്ങുന്നതിനായി സൗജന്യടിക്കറ്റ് നൽകുന്ന 'സ്വപ്നസാഫല്യം' എന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ഇതിന്റെ ഔദ്യോഗികമായ ഉദ്ഘാടനം 2012 ഫെബ്രുവരി 8 -ാം തീയതി ബഹു. മുഖ്യമന്ത്രി നിർവ്വഹിക്കുകയുണ്ടായി. 25 ൽ പരം നിരാലംബർക്ക് സൗജന്യടിക്കറ്റ് ഇതിനകം നൽകികഴിഞ്ഞിട്ടുണ്ട്. മറ്റ് ഗൾഫ് നാടുകളിലും 2013 - ൽ ഈ പദ്ധതി നടപ്പിലാക്കാൻ നടപടി എടുത്തുവരുന്നുണ്ട്. ഇതിനായി 50 ലക്ഷം രൂപ ഈ വർഷത്തെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്.

| | |
|---|---|
| | <u>എൻ. ആർ. കെ. ഇൻഷ്വറൻസ് കാർഡ് പദ്ധതി</u><br>ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളിലുള്ള പ്രവാസി മലയാളികളുടെ ക്ഷേമത്തിനായി രണ്ട് ലക്ഷം രൂപയുടെ അപകട മരണ ഇൻഷ്വറൻസ് നൽകുന്ന പദ്ധതിക്ക് തുടക്കംകുറിച്ചിട്ടുണ്ട്. |
| (സി)കേന്ദ്ര സർക്കാർ ഇവർക്കായി പ്രഖ്യാപിച്ചിരുന്ന പദ്ധതികളെല്ലാം നടപ്പിലാക്കിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; | (സി) കേന്ദ്ര സർക്കാർ പ്രവാസികൾക്കായി പ്രഖ്യാപിച്ചിരുന്ന പെൻഷൻ ആന്റ് ലൈഫ് ഇൻഷ്വറൻസ് ഫണ്ട്(PLIF) എന്ന പദ്ധതി കേരളത്തിൽ നടപ്പിലാക്കിയിട്ടുണ്ട്. |
| (ഡി)വിദേശ രാജ്യങ്ങളിൽ ജോലി ചെയ്യുന്ന പ്രവാസി മലയാളികളെ സംബന്ധിച്ച ഒടുവിലത്തെ കണക്കുകൾ ലഭ്യമാക്കുമോ? | (ഡി) തിരുവനന്തപുരം സെന്റർ ഫോർ ഡവലപ്പ്മെന്റ് സ്റ്റഡീസ് മുഖാന്തിരം നടത്തിയ 2008 - ലെ മൈഗ്രേഷൻ മോണിറ്ററിംഗ് സ്റ്റഡി പ്രകാരം വിദേശ രാജ്യങ്ങളിൽ ജോലി ചെയ്യുന്ന മലയാളികളുടെ എണ്ണം 21,93,412 ആണ്. |

സെക്ഷൻ ഓഫീസർ